(ബി) ശാസ്ത്രീയമായി പ്രസ്തുത കണ്ടെത്തൽ തെളിയിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം ഉപഭോക്താക്കൾക്കും കോഴിഫാം നടത്തിപ്പുകാർക്കും ഉണ്ടായ ഉത്കണ്ഠ ദൂരീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിയിറച്ചിയിൽ ആന്റിബയോട്ടിക് സാന്നിദ്ധ്യമുണ്ടെന്ന ഡൽഹി ആസ്ഥാനമായ സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലാ അതിർത്തികളിലൂടെ സംസ്ഥാനത്തേക്ക് കൊണ്ടുവന്ന ചിക്കന്റെ പത്ത് സാമ്പിളുകൾ ശേഖരിച്ച് ആന്റിബയോട്ടിക് പരിശോധനാ സംവിധാനമുള്ള ഹൈദ്രാബാദിലെ വിമ്റ്റ ലാബിൽ (എൻ.എ.ബി.എൽ. അക്രഡിറ്റഡ്) പരിശോധന നടത്തിയിട്ടുണ്ട്.

(ബി) പരിശോധനയ്ക്കയച്ച പത്ത് സാമ്പിളുകളിൽ രണ്ടെണ്ണത്തിൽ ആന്റിബയോട്ടിക്കിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ നിലവാരനിയമത്തിലും 2011-ലെ അനുബന്ധ ചട്ടങ്ങളിലും ആന്റിബയോട്ടിക്കുകളുടെ സാന്നിദ്ധ്യം സംബന്ധിച്ച മാനദണ്ഡങ്ങൾ നിർവ്വചിച്ചിട്ടില്ല. അതിനാൽ ഇതുസംബന്ധിച്ച തുടർനടപടികൾ Food Safety and Standards Authority of India-യുടെ നിർദ്ദേശങ്ങളനുസരിച്ച് കൈക്കൊള്ളുന്നതാണ്.

കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി തൃശ്ശൂർ മെഡിക്കൽ കോളേജിൽ

98 (4382) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാധനസഹായ പദ്ധതി പ്രകാരം തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിലെ രോഗികൾക്ക് അനുവദിച്ച തുകയുടെ യഥാർത്ഥ ചെലവ് കഴിഞ്ഞുള്ള ബാക്കി തുക മടക്കി അയയ്ക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു കാരണം മറ്റ് സ്ഥാപനങ്ങളിൽനിന്നും തുടർചികിത്സ തേടുന്ന രോഗികൾക്ക് അർഹതപ്പെട്ട ധനസഹായം ലഭിക്കാതിരിക്കുന്ന സാഹചര്യം പരിശോധിക്കുമോ;

(സി) തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രി ആഫീസിൽ നിന്നും രോഗികൾക്ക് യഥാർത്ഥ ചികിത്സാചെലവ് കഴിച്ചുള്ള ബാക്കി തുക, അത് അനുവദിക്കുന്ന പദ്ധതി ആഫീസിലേയ്ക്ക് കാലതാമസം കൂടാതെ മടക്കി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ ചികിത്സ തേടുന്ന ക്യാൻസർ, വൃക്ക രോഗികൾക്ക് ദീർഘകാലത്തെ ചികിത്സ ആവശ്യമായതിനാൽ ടി രോഗികൾക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുവാൻ കാലതാമസം അനുഭവപ്പെടാറുണ്ട്. കൂടാതെ രോഗികൾ മരണപ്പെടുന്ന അവസരങ്ങളിൽ ടി വിവരം ഈ ആശുപത്രിയിൽ യഥാസമയം അറിയിക്കുവാനും രോഗികളുടെ ബന്ധുക്കൾ തയ്യാറാകുന്നുമില്ല. അറിയുന്നമുറയ്ക്ക് മരിച്ചവരുടെ തുക തിരിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മറ്റ് സ്ഥാപനങ്ങളിൽ തുടർചികിത്സ ആരംഭിക്കുമ്പോൾ ടി രോഗിക്ക് പുതിയ അപേക്ഷ നൽകാവുന്നതാണ്. ആയതിനാൽ തുടർചികിത്സയ്ക്ക് തടസ്സങ്ങൾ ഉണ്ടാകാറില്ല.

(സി) കാലതാമസം കൂടാതെ തുക മടക്കിനൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആരോഗ്യ കേന്ദ്രങ്ങളിലെ ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്ഥിരം സംവിധാനം

99 (4383) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആരോഗ്യകേന്ദ്രങ്ങളോ, ആരോഗ്യകേന്ദ്രങ്ങളുടെ അവശ്യങ്ങൾക്കായി തദ്ദേശസ്ഥാപനങ്ങളോ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളോ വാങ്ങുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം പരിശോധനകൾ കഴിഞ്ഞ ഉപകരണങ്ങളാണ് ആരോഗ്യകേന്ദ്രങ്ങളിൽ ഉപയോഗിക്കുന്നത് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(സി) വിവിധ ലാബ് ഉപകരണങ്ങൾ, ഡയാലിസിസ് മെഷീൻ എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്ഥിരം സംവിധാനവും, അതിനാവശ്യമായ നിർദ്ദേശങ്ങളും നൽകുമോ?

ഉത്തരം

(എ) ആരോഗ്യ കേന്ദ്രങ്ങളോ, ആരോഗ്യ കേന്ദ്രങ്ങളുടെ ആവശ്യങ്ങൾക്കായി തദ്ദേശസ്ഥാപനങ്ങളോ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളോ വാങ്ങുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നത് ടെൻഡർ ഉറപ്പിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly